**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1947** **15-03-2022 - ൽ മറുപടിയ്ക്ക്**

**മിൽമയുടെ പേരിനോട് സാമ്യമുള്ള കവർ പാൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | null<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മിൽമയുടെ പേരിനോട് സാമ്യമുള്ള പേരുമായി കവർ പാൽ വിപണിയിലെത്തിയിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. മിൽമയുടെ പേരിനോട് സാമ്യമുള്ള പേരുമായി വിപണിയിലെത്തിയിട്ടുള്ളത് മഹിമ, മേന്മ, മിൽന എന്നീ കവർ പാലുകളാണ് |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വിശദീകരിക്കാമോ; | (ബി) | മിൽമ ബ്രാൻഡിനോട് സാമ്യമുള്ള മഹിമ ബ്രാൻഡ് പാലിനെതിരെ തിരുവനന്തപുരം ജില്ലാ കോടതിയിൽ അന്യായം ഫയൽ ചെയ്യുകയും മിൽമ ബ്രാൻഡിനോട് സമാനമായി ഡിസൈൻ ഉപയോഗിക്കുന്നതിൽ സ്റ്റേ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. തുടർന്ന് അവരുടെ അക്കൗണ്ട്സ് പരിശോധന വിധേയമാക്കുന്നതിനു വേണ്ടി ഡയറക്ഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതുപോലെ മിൽമയുടെ സമാന ആർട്ട്സ് വർക്കുപയോഗിച്ച് മിൽന ബ്രാൻഡിനെതിരായും തിരുവനന്തപുരം കൊമേഴ്സ്യൽ (പ്രിൻസിപ്പൽ സബ് കോർട്ട്) കോടതിയിൽ അന്യായം ഫയൽ ചെയ്തിട്ടുണ്ട്. കേസ് പുരോഗതിയിലാണ്. മേൻമ ബ്രാൻഡ് പാലിനെതിരെ റെക്ടിഫിക്കേഷൻ ഫയൽ ചെയ്തിട്ടുണ്ട്. കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | മിൽമയുടെ പേരിനോട് സാമ്യമുള്ള പേരുമായി കവർ പാൽ വിപണിയിൽ വിൽക്കുന്നത് ഏത് സ്ഥാപനമാണെന്ന് വ്യക്തമാക്കാമോ; | (സി) | 1 മഹിമ- വേണ്ട് ഡയറി പ്രോഡക്ട്സ്, കൊമ്പാട്. പെരുമ്പാവൂർ, എറണാകുളം- 683546 & മഹാദളം പ്രൈവറ്റ് ലിമിറ്റഡ്, റ്റി.സി 24/534, വൈകുണ്ഡഭവൻ, തൈക്കാട്, തിരുവനന്തപുരം- 695 014 2 മേന്മ അഗ്രിസോഫ്റ്റ് ഡയറി & അഗ്രോ പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡ്, ഇറാനിക്കുടി.പി.ഒ-695558, ശ്രീ. രാഹുൽ കൃഷ്ണൻ, അശ്വതി, ഇടപ്പോൺ, ഇറാനിക്കുടി. പി.ഒ, നൂറനാട്, ആലപ്പുഴ- 695558 3 മിൽന ശ്രീ. ജോസ് ജോർജ്ജ്, പഴിയങ്കൽ, വള്ളിച്ചിറ.പി.ഒ, പാല, കോട്ടയം-686574 |

| | | | |
|---|---|---|---|
| (ഡി) | ഇത് മിൽമയുടെ വിപണിയെ ബാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | സമാനമായ ആർട്ട് വർക്കുള്ളതിനാൽ ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുന്ന സാഹചര്യമുണ്ട്. ആയതിനാൽ കുറഞ്ഞ അളവിൽ മിൽമയുടെ വില്പനയെ ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ